


Sep. 08 Vol. IX Issue 14

# എമ്മാവൂസ് വചനദൂത്


# പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാൾ

മത്തായി 1 : 1–16


**ബ്രദർ. ജൂഡ് കോയിൽപ്പറമ്പിൽ**


**രാ**ത്രികാലങ്ങളിൽ കാർമേഘരഹിതമായ ആകാശത്തേക്കു നോക്കി നമ്മിൽ പലരും ചില പ്പോഴെങ്കിലും സമയം ചെലവഴിച്ചിരിക്കാം. ചെറുതും വലുതുമായ അനേകം നക്ഷത്രങ്ങൾ മിന്നിപ്രകാശിക്കുന്ന ആകാശം വളരെ മനോഹ രമാണ്. എന്നാൽ പുലർച്ചെയുള്ള ആകാശ ത്തേക്ക് ഒന്നു നോക്കുകയാണെങ്കിൽ നമുക്ക് കാണുവാൻ സാധിക്കും, മറ്റു നക്ഷത്രങ്ങളിൽ നിന്ന് വിഭിന്നമായി ഉജ്വലപ്രകാശത്തോടെ വിരാജിക്കുന്ന ഒരു പ്രത്യേക നക്ഷത്രത്തെ. നാമ തിനെ ëപുലരിനക്ഷത്രം, ഉഷഃകാലനക്ഷത്രംí എന്നൊക്കെ വിളിക്കാറുണ്ട്. സൂര്യോദയത്തിനു കുറച്ച്മുമ്പ് മാത്രമാണ് ഈ നക്ഷത്രം പ്രത്യക്ഷ പ്പെടുക. ഇതാ, രാത്രി തീരാൻ പോകുന്നു; പകലോന്റെ വെളിച്ചം ഭൂമുഖത്തെ പ്രകാശിപ്പിക്കു വാൻ പോകുന്നു എന്നതിന്റെ സൂചനയാണ് ഈ പുലരിനക്ഷത്രത്തിന്റെ ഉദയം. ഇതുപോലെ നീ തിസൂര്യനായ ഈശോയുടെ ഉദയത്തിന് മുമ്പും ഒരു ഉഷഃകാലനക്ഷത്രം - പരി. മറിയം - ഈ ലോകത്തിൽ പ്രത്യക്ഷപ്പെട്ടു. അന്ധകാരശക്തി കളുടെ മേലുള്ള വെളിച്ചത്തിന്റെ വിജയം അത് വിളിച്ചോതി. ആ ഉഷഃകാലനക്ഷത്രോദയത്തിന്റെ ഓർമ്മ - പരി. കന്യകാമറിയത്തിന്റെ പിറവി ത്തിരുന്നാൾ നാമിന്ന് ആഘോഷിക്കുന്നു.

ലോകചരിത്രം, ദൈവം തന്റെ സൃഷ്ടിക ളോട് പ്രദർശിപ്പിച്ച അനന്തസ്നേഹത്തിന്റെ അനർഘചരിത്രമാണെന്ന് പറയാം. ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെയും കരുണയുടെയും മധുരിമ നുകർന്ന മനുഷ്യൻ ഒരു നിർണ്ണായക മുഹൂർത്തത്തിൽ ദൈവത്തിനെതിരെ, സ്വാർത്ഥ തയുടെയും നിഷേധത്തിന്റേതുമായ കരിങ്കൊടി കാണിച്ചു. അങ്ങനെ ദൈവത്തിന്റെ മാർഗ്ഗം മറന്ന്, പുതിയ മേഖലകൾ അന്വേഷിച്ച മനുഷ്യന്റെ ജീവിതചക്രവാളത്തിൽ തീരാവ്യഥയുടെയും കൊടുംനിരാശയുടേതുമായ കരിമേഘങ്ങൾ ഉരു ണ്ടു കൂടിയപ്പോൾ, താൻ സ്നേഹത്തിന്റെ വിപ്ല വകാരിയാണെന്ന് പ്രഖ്യാപിക്കുമാറ് പുത്തൻപ്ര തീക്ഷയുടെ പൊൻപ്രഭ പരത്തിക്കൊണ്ട് ദൈവം മനുഷ്യചരിത്രത്തിൽ ഇടപെട്ടു. ഉൽപത്തി 3 : 15–ാം വാക്യത്തിൽ ഇപ്രകാരം പാപത്തിൽ വീണ മനുഷ്യന് പ്രതീക്ഷയ്ക്ക് വക നൽകുന്ന ആദ്യ ദൈവിക രക്ഷാവാഗ്ദാനം നാം ദർശിക്കുക. തുടർന്ന് ഇമ്മാനുവേലിന്റെ പിറവിയെക്കുറിച്ച് ഏശയ്യായുടെ (7 : 11) പ്രവചനത്തിലും, ജറെമിയ (3 : 22), മിഖാ 5 : 2 തുടങ്ങിയവരുടെ പ്രവചന ങ്ങളിലുമെല്ലാം രക്ഷകന്റെ പിറവിയെക്കുറിച്ച് സൂചനകളുണ്ട്. ഇവിടെയെല്ലാം രക്ഷാകരജന്മം നൽകുവാനിരിക്കുന്ന പുണ്യവ്യക്തിയെക്കുറി ച്ചുള്ള സൂചനയും നമുക്ക് ദർശിക്കുവാൻ സാധി ക്കും.

ìഉഷസ്സ് പോലെ ശോഭിക്കുന്നവളും ചന്ദ്ര നെപ്പോലെ കാന്തിമതിയും സൂര്യനെപ്പോലെ തേജസ്വിനിയുമായ ... ഇവൾ ആരാകുന്നുî എന്ന ഉത്തമഗീതത്തിലെ (6 : 10) ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നത് ദൈവമാതൃസ്ഥാനത്തിന് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയിലാണ്. അനാദിമുതൽ ദൈവം മറിയത്തെ ദൈവമാതൃ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തെന്നും ആ മഹ നീയ സ്ഥാനത്തിനനുയോജ്യമായി അവൾക്ക് മുൻകൂട്ടി സകലപാപങ്ങളിൽ നിന്നും വിടുതൽ നൽകുകയും പ്രസാദവരം കൊണ്ട് നിറയ്ക്കു കയും ചെയ്തെന്ന് നാം വിശ്വസിക്കുന്നു. അതെ, തീർച്ചയായും അമലോത്ഭവജനനമായിരുന്നു മ റിയത്തിന്റേത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്നു; ìജന്മപാപത്തിന്റെ സകല കറകളിൽ നിന്നും സ്വതന്ത്രയായിരുന്നു പരി. കന്യകാമ റിയംî (തിരുസഭ 59)

ഈ വിശ്വാസസത്യങ്ങൾ പരമ്പരാഗത മായി തിരുസഭ അംഗീകരിച്ചു പോന്നിട്ടുള്ളതാ ണ്. സഭാപിതാവായ വി. അപ്രേമിന്റെ സാക്ഷ്യം ഇപ്രകാരമാണ്; ìഅങ്ങും അങ്ങയുടെ അമ്മയും മാത്രം സത്യമായും നിർമ്മലരാണ്, അങ്ങയിലോ അങ്ങയുടെ അമ്മയിലോ പാപക്കറയില്ലî. പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാളിൽ താൽപര്യപൂർവ്വം പങ്കുചേരുന്ന നമുക്ക് ലഭി ക്കുന്ന ഈ സന്ദേശം ഒരു വെല്ലുവിളിയാണ്. അമ്മ യെപ്പോലെ പാപരഹിതമായ ജീവിതം നയിക്കു വാനുള്ള വെല്ലുവിളി. അമ്മയെപ്പോലെ സ്വയം എളിമപ്പെടാനും നിരന്തരം ദൈവതിരുമനസ്സിന് കീഴ്വഴങ്ങാനുമുള്ള വെല്ലുവിളി. സഹനത്തിന്റെ തീച്ചൂളയിൽ എരിയുമ്പോഴും പ്രത്യാശ കൈവെ ടിയാതെ നിരന്തരം ദൈവത്തിൽ ആശ്രയിക്കു വാനും ദൈവഹിതത്തിന് സ്വന്തം താൽപര്യങ്ങ ളെ ബലികഴിക്കുവാനുമുള്ള വെല്ലുവിളി. അ തുകൊണ്ടാണ്, പരി. അമ്മമറിയം ദൈവമാതാ വായിത്തീർന്നതും ലോകത്തിനു മുഴുവനും അമ്മയായിത്തീർന്നതും. അമ്മയെ കുറിച്ച് ധ്യാനി ക്കുമ്പോൾ ഒരുകാര്യം പറയാതെവയ്യ, ജനിക്കു ന്നതിനു മുമ്പേ ചരിത്രം രചിച്ചവളാണ് പരി. കന്യകാമറിയം. അനാദിയിൽ മനുഷ്യർക്കു വേണ്ടി സജ്ജമാക്കിയ ദൈവികപദ്ധതിയിലാണ് മറിയത്തെ നം ആദ്യമായി കാണുന്നത്. ദൈവം തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഉപ കരണങ്ങളാക്കുന്നത് സാധാരണക്കാരായിരുന്നു വെന്ന് ബൈബിളും ചരിത്രഗ്രന്ഥവും സാക്ഷ്യ പ്പെടുത്തുന്നു. വിശുദ്ധ യൊവാക്കിമും അന്നാ യും സാധാരണക്കാരായിരുന്നുവെന്ന് പാരമ്പര്യ ങ്ങളും ചരിത്രവുമൊക്കെ സാക്ഷ്യപ്പെടുത്തുന്നു. യൊവാക്കിം ദാവീദ് രാജവംശജനും അന്ന പു രോഹിതവർഗ്ഗത്തിൽ പെട്ടവളുമായിരുന്നു. ഇവർ അന്യാദൃശ്യമായ ദൈവഭക്തിയുള്ള, നീതിനിഷ്ഠ യുള്ള പുണ്യാത്മാക്കളായിരുന്നു. സന്താന ഭാ ഗ്യമില്ലാത്തതിന്റെ ദുഃഖം അവർ അനുഭവിച്ചിരു ന്നു. ëവന്ധ്യതí യാഹ്വെയുടെ കോപത്തിന്റെ ഫലമായി, യഹൂദാപാരമ്പര്യം കരുതിയിരുന്നതി നാൽ സമൂഹത്തിൽ ഒരുപാട് അപമാനവും ക്ലേശ ങ്ങളും സഹിക്കേണ്ടിവന്നവരാണ് ഈ ദമ്പതി കൾ. എങ്കിലും അസാധാരണമായ ദൈവവിശ്വാ സത്തിന് ഉടമകളായ ഈ ദമ്പതികൾ ദൈവത്തി ലാശ്രയിച്ച് പ്രാർത്ഥിച്ചും ഉപവസിച്ചും ദൈവത്തി ന്റെ സമയത്തിനുവേണ്ടി കാത്തിരുന്നു. കരുണാ സമ്പന്നനായ ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയെന്നു മാത്രമല്ല, പ്രപഞ്ചം, ആദി മുതലേ കാത്തിരിക്കുന്ന, രക്ഷകന്റെ അമ്മയുടെ മാതാപിതാക്കളാകാനുള്ള ഭാഗ്യവും നൽകി അനുഗ്രഹിച്ചു. കർത്താവിന്റെ കരുണയ്ക്കു വേണ്ടി കാത്തിരുന്ന് പ്രാർത്ഥിച്ച ഈ മാതാപി താക്കളുടെ ഉപവാസവും പ്രാർത്ഥനയും പ്രായ ശ്ചിത്തവും മാതൃകയാക്കി ഇന്ന് ക്രൈസ്തവസ മൂഹത്തിലെ സ്ത്രീജനങ്ങൾ എട്ടുനോമ്പ് ആച രിക്കുന്നതെന്ന പാരമ്പര്യം നിലനിൽക്കെ നമുക്കും ദൈവത്തിന്റെ വാഗ്ദാനങ്ങളെ സ്വീക രിക്കുവാൻ, അവ നിഷേധിക്കപ്പെടുന്നുവെന്ന് തോന്നാനിടയാകാതെ, പ്രത്യാശയോടെ ദൈവക രങ്ങളിൽ പൂർണ്ണമായി നമ്മെത്തന്നെ സമർപ്പിക്കു വാൻ നമ്മെത്തന്നെ ഒരുക്കാം.

സ്വർഗ്ഗസ്ഥനായ പിതാവിന്റെ രക്ഷാകര പ്രവർത്തനം പൂർത്തിയാക്കുവാൻ സഹായിച്ചവ ളെന്ന നിലയിൽ പരി. അമ്മയുടെ ജനനത്തിരു ന്നാൾ കൃതജ്ഞതയുടെ തിരുനാളായാണ് നാം ആഘോഷിക്കുന്നത്. പരി. അമ്മയെപ്പോലെ നമ്മെ ദൈവഹിതത്തിന് സമർപ്പിക്കുവാൻ പ്രാപ്തമാക്കുന്നതാവട്ടെ ഈ വിശുദ്ധദിന ത്തിന്റെ ആഘോഷങ്ങളും അനുസ്മരണങ്ങളു മെല്ലാം.

*എവർക്കും പരി. അമ്മയുടെ*
*പിറവിത്തിരുന്നാൾ മംഗളങ്ങൾ ...!*